## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6798 10/07/2014-ൽ മറുപടിയ്ക്ക്

**ജീവൻ രക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജീവൻ രക്ഷാ മരുന്നുകളുടെയും ഔഷധങ്ങളുടെയും വില നിയന്ത്രിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) നാഷണൽ ലിസ്റ്റ് ഓഫ് എസൻഷ്യൽ മെഡിസിൻസിൽ ഉൾപ്പെട്ട മരുന്നുകളുടെ വില ഡ്രഗ്സ് (പ്രൈസ് കൺട്രോൾ) ഓർഡർ 2013 ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി കാലാകാലങ്ങളിൽ നോട്ടിഫിക്കേഷൻ വഴി നിയന്ത്രിക്കാറുണ്ട്. ഇപ്രകാരം 348 മരുന്നുകളുടെ വില നിയന്ത്രിച്ചിട്ടുണ്ട്. |
| (ബി) ജീവൻ രക്ഷാ മരുന്നുകൾ ഉൽപാദിപ്പിക്കുന്ന കേരളത്തിലെ പൊതു മേഖലാ സ്ഥാപനങ്ങൾ/സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; | (ബി) അലോപ്പതി മരുന്ന് ഉൽപാദിപ്പിക്കുന്നത് ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ആണ്. |
| (സി) ഇത്തരം സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (സി) കേന്ദ്ര നിയമത്തിലെ ഷെഡ്യൂൾ എം (Good Manufacturing Practices) പ്രകാരം ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനിയിൽ അവർ നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും നിർമ്മിക്കുന്ന ഓരോ ബാച്ചിൽപ്പെട്ട |

മരുന്നുകളും വിൽക്കുന്നതിന് മുമ്പ് കമ്പനിയിലെ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുമാണ്. ഇപ്രകാരം നിർമ്മാതാക്കൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയ മരുന്നുകൾ മാത്രമാണ് സംസ്ഥാനത്ത് വിതരണത്തിനെത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മരുന്നുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഗുണനിലവാര പരിശോധനയ്ക്കെടുക്കുകയും അത്തരം സാമ്പിളുകൾ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന്റെ സംവിധാനങ്ങൾ എന്തൊക്കെയാണ് ?

(ഡി) സ്വകാര്യ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മരുന്നുകൾ ഷെഡ്യൂൾ എം പ്രകാരം ഉല്പാദിപ്പിക്കുന്ന കമ്പനികളിൽ നിന്ന് തന്നെ പരിശോധന നടത്തിയാണ് മെഡിക്കൽ ഷോപ്പുകൾ/ആശുപത്രികളിൽ എത്തുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഈ മരുന്നുകൾ റാൻഡമായി സാമ്പിളുകൾ എടുക്കുകയും, ലാബിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയാൽ പ്രസ്തുത മരുന്നു നിർമ്മാണ കമ്പനികൾക്കെതിരെ വകുപ്പുതല/നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ